"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്-ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്- ചാക്ക ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ശ്രീ.രാജേഷ് വി.ബിയുടെ മെഡിക്കൽ റീ ഇംബ്ഴ്സ്മെന്റ് ക്ലെയിം അനുവദിക്കുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും(എഫ്)വകുപ്പ്**

സ.ഉ.(സാധാ) നം.635/2024/LBR    തീയതി,തിരുവനന്തപുരം, 14-06-2024

---

പരാമർശം:-
1. ചാക്ക ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ശ്രീ.രാജേഷ് വി.ബിയുടെ 13.12.2021 ലെ മെഡിക്കൽ റീ ഇംബ്ഴ്സ്മെന്റ് അപേക്ഷ.
2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 01.04.2022, 25.11.2023 എന്നീ തീയതികളിലെ ഡി2-1247/2022/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 16.11.2023 ലെ (എൽ.ഡിസ്)എം.ആർ4-149676/2023/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ചാക്ക ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ശ്രീ.രാജേഷ് വി.ബിയുടെ ചികിത്സയ്ക്ക് 28.09.2021 മുതൽ 05.10.2021 വരെ എറണാകുളം ലേക്ക്ഷോർ ആശുപത്രിയിൽ ചെലവായ 1,69,872/-രൂപ റീ ഇംബേഴ്സ് ചെയ്തു നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 1 പ്രകാരം ശ്രീ.രാജേഷ് വി.ബി അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഇക്കാര്യത്തിൽ അനുവദനീയമായ തുക 79,885/- രൂപയാണെന്ന് പരാമർശം 3 പ്രകാരംആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ശ്രീ.രാജേഷ്.വി.ബി യുടെ CKD BT, Renal allograft failure, Cardiomegaly, Pulmonary hypertension with TR, Anaemia on ESA, UTI ചികിത്സയ്ക്ക് 28/9/2021 മുതൽ 5/10/2021 വരെ എറണാകുളം ലേക്ക് ഷോർ ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച

തുകയായ 79,885/-രൂപയുടെ 80 ശതമാനമായ 63,908/- രൂപ (അറുപത്തി മൂവായിരത്തി തൊള്ളായിരത്തിയെട്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
(അപേക്ഷയും അസ്സൽ ബില്ലുകളും സഹിതം)
ശ്രീ.രാജേഷ് വി.ബി , ഫാർമസിസ്റ്റ് ,ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്
(ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്(10.01.2023 ലെ ജി2/1160/2022-ആ.കു.വ പ്രകാരം)
ധനകാര്യ (ലോൺസ്) വകുപ്പ് (29/04/2024 ലെ LNS-എൽ 8/226/2023/ധന(2641329)പ്രകാരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 14-06-2024 15:19:14
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.